# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3197 — 19.06.2018 ലെ മറുപടിക്ക്

## നികത്തപ്പെട്ട സ്ഥലത്ത് വീട് വയ്ക്കാൻ ഇളവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.രാജഗോപാലൻ | ഡോ:കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 10 സെന്റിലും താഴെ ഭൂമിയുള്ള 2008-ന് മുമ്പെ നികത്തപ്പെട്ടതും എന്നാൽ ഇപ്പോഴും വെറ്റ് ലാന്റായി കിടക്കുന്ന സ്ഥലത്ത് വീട് വയ്ക്കാൻ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) സർക്കാരിന്റെ 30.12.2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിൽ വകുപ്പ് 27(എ)6-ൽ പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 40 ച.മീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും യാതൊരു അനുമതിയും ആവശ്യമില്ല. |
| (ബി) എങ്കിൽ ഈ ഉത്തരവ് നടപ്പിലാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്ക് മറ്റ് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ